"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- സാമൂഹ്യ മാധ്യമ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് തുക ചെലവഴിക്കുവാൻ അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവ്-ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1263/2023/LSGD തീയതി,തിരുവനന്തപുരം, 19-06-2023

---

പരാമർശം:-

1. 15.05.2023 തീയതിയിലെ സ.ഉ.(സാധാ.) നം. 1035/2023/LSGD നമ്പർ ഉത്തരവ്.
2. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് ചേംബർ സമർപ്പിച്ചിരിക്കുന്ന 17.05.2023 തീയതിയിലെ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങളുടെ ഭാഗമായി, നടപ്പാക്കുന്ന ക്ഷേമ പദ്ധതികളേയും വികസന പദ്ധതികളേയും സംബന്ധിക്കുന്ന വിവരങ്ങളും, പൊതുതാല്പര്യ വിവരങ്ങളും ജനങ്ങളുമായി പങ്ക് വയ്ക്കുന്നതിനും സാമൂഹ്യ മാധ്യമ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് ഉൾപ്പെടെ ആൾക്കാരെ നിയമിക്കുന്നതിന് പകരമായി വിഷയത്തിൽ പ്രാവീണ്യമുള്ള സ്ഥാപനങ്ങളെ/ ഏജൻസികളെ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മത്സരാടിസ്ഥാനത്തിൽ സ്വീകരിച്ച ടെണ്ടർ / ക്വട്ടേഷൻ പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയും ഇതിനായി മുനിസിപ്പൽ കോർപ്പറേഷനുകൾ - അഞ്ചു ലക്ഷം രൂപ, മുനിസിപ്പാലിറ്റികൾ - മൂന്നു ലക്ഷം രൂപ, ഗ്രാമ പഞ്ചായത്തുകൾ - രണ്ടു ലക്ഷം രൂപ എന്ന പരിധിയിൽ കവിയാതെ തനത് ഫണ്ട് ലഭ്യതക്കനുസരിച്ച് ചെലവഴിക്കുന്നതിന് അനുമതി നൽകിയും പരാമർശം(1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൽ ജില്ലാ പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തണമെന്ന് പരാമർശം(2) പ്രകാരം സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം(1)ലെ ഉത്തരവ്, ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും കൂടി ബാധകമാക്കിക്കൊണ്ടും ജില്ലാ പഞ്ചായത്തുകൾക്ക് പരമാവധി അഞ്ചു ലക്ഷം രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് മൂന്നു ലക്ഷം രൂപ വരെയും തനത് ഫണ്ട് ലഭ്യതക്കനുസരിച്ചും കമ്മിറ്റി തീരുമാനത്തിന് വിധേയമായും തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) മേൽ ഭേദഗതിയോടെ പരാമർശം(1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്.

ഡയറക്ടർ, എൽ.എസ്.ജി.ഡി(റൂറൽ).

ഡയറക്ടർ, എൽ.എസ്.ജി.ഡി(അർബൻ).

സെക്രട്ടറി, ജില്ലാ പഞ്ചായത്ത് /ബ്ളോക്ക് പഞ്ചായത്ത്

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
K Renuka
Date: 20-06-2023 11:17:14

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്,

ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.